**പതിമൂന്നാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3529 18.02.2013 – ൽ മറുപടിയ്ക്ക്

**ശ്രുതി തരംഗം പദ്ധതി**

ചോദ്യം
ശ്രീ. സണ്ണി ജോസഫ്
,, വി. റ്റി. ബൽറാം
,, എ. റ്റി. ജോർജ്
,, ഹൈബി ഈഡൻ

ഉത്തരം
**ഡോ. എം.കെ. മുനീർ**
( ബഹു. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | ശ്രുതി തരംഗം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ; | (എ) | സംസ്ഥാനത്തെ ബധിരരും മൂകരുമായ പരമാവധി 5 വയസ്സു വരെയുള്ള കുട്ടികൾക്ക് കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറി നടത്തി രണ്ട് വർഷം നീണ്ടു നിൽക്കുന്ന ആഡിറ്ററി വെർബൽ ഹബിലിറ്റേഷനിലൂടെ ശ്രവണശേഷിയും സംസാര ശേഷിയും വീണ്ടെടുക്കുകയെന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യം. |
| (ബി) | പിഞ്ചുകുട്ടികളെ ശസ്ത്രക്രിയയിലൂടെ ശബ്ദത്തിന്റെ ലോകത്തിലേയ്ക്ക് കടന്നുവരുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | 1. അർഹരായ കുട്ടികൾക്ക് സർക്കാർ/ സ്വകാര്യ ആശുപത്രികളിലൂടെ കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറി നടത്തുന്നു.<br>2. സർജറിക്കുശേഷം രണ്ട് വർഷം നീണ്ടു നിൽക്കുന്ന ആഡിയോ വെർബൽ ഹബിലിറ്റേഷനുള്ള സൗകര്യവും ഒരുക്കിയിട്ടുണ്ട്. |
| (സി) | ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പദ്ധതി പ്രവർത്തിക്കുന്നത്; | (സി) | സാമൂഹ്യനീതി വകുപ്പിനു വേണ്ടി കേരള സാമൂഹ്യ സുരക്ഷാ മിഷൻ, ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്. |
| (ഡി) | ഇതിനായി, എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) | ശ്രുതിതരംഗം പദ്ധതി പ്രകാരമുള്ള അപേക്ഷകളുടെ പരിശോധനയ്ക്കായും, തെരഞ്ഞെടുപ്പിനായും മൂന്ന് റീജിയണൽ ലെവൽ ടെക്നിക്കൽ കമ്മിറ്റിയും ഒരു സ്റ്റേറ്റ് ലെവൽ ടെക്നിക്കൽ കമ്മിറ്റിയും, പദ്ധതിയുടെ അവലോകനത്തിനായി ഒരു എംപവേർഡ് കമ്മിറ്റി, ഒരു സ്റ്റേറ്റ് ലെവൽ മോണിറ്ററിംഗ് കമ്മിറ്റി എന്നിവയും എംപാനൽ ചെയ്യുന്ന ആശുപത്രികളുടെ പരിശോധനക്കായി മൂന്ന് റീജിയണൽ ഇൻസ്പെക്ഷൻ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. |

R. Vijayan

സെക്ഷൻ ഓഫീസർ